**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3514** **12-03-2025 - ൽ മറുപടിയ്ക്ക്**

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വിശദമാക്കാമോ; | (എ) | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നിലവിൽ നഷ്ടത്തിൽ പ്രവർത്തിച്ച് വരുകയാണ്. ഓഡിറ്റ് പൂർത്തീകരിച്ച 2021-22 വർഷത്തിൽ 697.20 ലക്ഷം രൂപയുടെ നഷ്ടത്തിലായിരുന്നു. കോർപ്പറേഷനെ ലാഭത്തിലാക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുവെങ്കിലും നിലവിൽ 484.78 ലക്ഷം (പ്രൊവിഷണൽ ബാലൻസ്ഷീറ്റ് പ്രകാരം) രൂപയുടെ നഷ്ടത്തിലാണ് സ്ഥാപനം പ്രവർത്തിച്ച് വരുന്നത്. |
| (ബി) | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ സ്പെഷ്യൽ റൂൾസും സ്റ്റാഫ് പാറ്റേണും നിലവിലുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ സ്പെഷ്യൽ റൂളും സ്റ്റാഫ് പാറ്റേണും നിലവിലില്ല. സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ